ഇ.എക്സ്/എച്ച്4/28750/2025/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം.
തീയതി: 26/05/2026

# സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - പരീക്ഷാ ഭവൻ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (NMMSE) പരീക്ഷ 2025-26 പ്രൊവിഷണൽ സെലക്ട് ലിസ്റ്റ്/പ്രൊവിഷണൽ വെയിറ്റിങ് ലിസ്റ്റ് - സൂക്ഷ്മ പരിശോധന - പ്രഥമാദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 20/09/2025-ലെ ഇതേ നമ്പർ പരീക്ഷാ വിജ്ഞാപനം.

*******

2025-26 അധ്യയന വർഷത്തെ 8-ാം ക്ലാസ് വിദ്യാർത്ഥികൾക്കായുള്ള നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷ (NMMSE)-യിൽ പങ്കെടുത്ത് സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സെലക്ട് ലിസ്റ്റ്, വെയിറ്റിങ് ലിസ്റ്റ് എന്നിവ സ്കൂൾ അധികൃതരുടെ സൂക്ഷ്മ പരിശോധനയ്ക്കായി സ്കൂൾ ലോഗിനിൽ **26/05/2026** മുതൽ ലഭ്യമാകുന്നതാണ്. **http://nmmse.kerala.gov.in/school** എന്ന വെബ്സൈറ്റിൽ സ്കൂൾ ലോഗിനിൽ ആണ് ലിസ്റ്റുകൾ ലഭ്യമാക്കിയിട്ടുള്ളത്. Provisional List, Scholarship Waiting List എന്നീ രണ്ട് മെനുകളിലാണ് അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്.

സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ എല്ലാ പ്രഥമാദ്ധ്യാപകരും **05/06/2026 ന് വൈകിട്ട് 5 മണിക്ക്** മുമ്പായി സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. വെരിഫിക്കേഷൻ നടത്തുന്നതിന് പ്രസ്തുത ലിസ്റ്റുകളിലെ വിദ്യാർത്ഥികളുടെ പേരിന് നേർക്കുള്ള 'verify' എന്ന ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ വിദ്യാർത്ഥി വിവരങ്ങൾ ദൃശ്യമാകുന്നതാണ്. പേര്, ജനനതീയതി

തുടങ്ങിയ വിവരങ്ങൾ പരിശോധിക്കേണ്ടതാണ്. വിവരങ്ങൾ പരിശോധിച്ച് കൃത്യമാണെങ്കിൽ confirmation ചെക്ക് (ടിക്ക്) ചെയ്ത് "Verified and found Correct" എന്ന ബട്ടൺ ക്ലിക്ക് ചെയ്യണം. വിദ്യാർത്ഥിയുടെ പേരിലോ, ജനന തീയതിയിലോ തിരുത്തൽ ആവശ്യമുണ്ടെങ്കിൽ "Verified and Need Correction" എന്ന ബട്ടൺ ക്ലിക്ക് ചെയ്യണം. അപ്പോൾ തിരുത്തലിനു വേണ്ടിയുള്ള പ്രഥമാദ്ധ്യാപകന്റെ അപേക്ഷ അനുബന്ധ രേഖകൾ സഹിതം pdf ഫോർമാറ്റിൽ ഒറ്റഫയലായി സ്കാൻ ചെയ്ത് (ഫയൽ വലിപ്പം 200 KB യിൽ താഴെ) അപ്‌ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാകുന്നതാണ്.

സ്കോളർഷിപ്പിന് അർഹത നേടി ലിസ്റ്റുകളിൽ ഉൾപ്പെട്ട ഏതെങ്കിലും വിദ്യാർത്ഥി സ്കൂളിൽ നിന്നും വിടുതൽ വാങ്ങി പോയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം വിദ്യാർത്ഥിയുടെ വിവരങ്ങൾ ദൃശ്യമാകുന്ന പേജിൽ കാണുന്ന 'Candidate Left the School' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് Reason രേഖപ്പെടുത്തി സബ്മിറ്റ് ചെയ്യണം.

"Verified and Found Correct" രേഖപ്പെടുത്തിയ വിദ്യാർത്ഥികളുടെ status "Verified" എന്നും തിരുത്തൽ ആവശ്യപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടേത് "Correction" എന്നും, സ്കൂളിൽ നിന്നും വിടുതൽ വാങ്ങി പോയതായി രേഖപ്പെടുത്തിയവരുടേത് "Left the school" എന്നും, വെരിഫിക്കേഷൻ പൂർത്തിയാക്കേണ്ടവരുടേത് 'verify' എന്നും കാണപ്പെടുന്നതാണ്.

പ്രസ്തുത സ്കോളർഷിപ്പിന് യോഗ്യത നേടിയ കുട്ടികളുടെ അപേക്ഷയിലെ വിവരങ്ങൾ പ്രധാനാധ്യാപകൻ അന്തിമ വെരിഫിക്കേഷൻ നടത്തുമ്പോൾ, അപേക്ഷയിൽ ചേർത്തിട്ടുള്ള പേരും, ടി കുട്ടികളുടെ സ്കൂൾ രജിസ്റ്ററിലേയും ആധാർ വിവരങ്ങളിലേയും, ബാങ്ക് അക്കൗണ്ടിലേയും പേരുമായി ചേർത്ത് പരിശോധിക്കേണ്ടതും, ആയത് തമ്മിൽ ഏതെങ്കിലും തരത്തിലുള്ള വ്യത്യാസങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം കുട്ടികളുടെ മേൽ പ്രകാരമുള്ള റാങ്ക് പട്ടികയിലെ പേര് കേന്ദ്ര സ്കൂൾ മന്ത്രാലയത്തിന് അയച്ച് നൽകുകയും, ആയത്

നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ഉൾപ്പെടുത്തിയ ശേഷം, സ്കോളർഷിപ്പ് തുക ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്യുന്ന സമയം നിരവധി സാങ്കേതിക പ്രശ്നങ്ങൾ (തുക ലഭിക്കുന്നതിന് ഉൾപ്പെടെ) ഉണ്ടാകുന്നതിന് ഇടവരുത്തുന്നതുമാണ്. ആയതിനാൽ ഈ വിഷയത്തിൽ പ്രധാനാധ്യാപകരുടെ ഭാഗത്ത് നിന്നും പ്രത്യേക ജാഗ്രത ആവശ്യമാണെന്നതും ശ്രദ്ധയിൽപ്പെടുത്തുന്നു.

അതോടൊപ്പം സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികൾ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്തിട്ടുള്ള വരുമാന സർട്ടിഫിക്കറ്റ് ഒരിക്കൽ കൂടി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും, ഇപ്രകാരം പരിശോധിക്കുമ്പോൾ ഇതിലേക്കുള്ള നിലവിലെ വരുമാന പരിധിയായ 3.5 ലക്ഷം രൂപയിൽ അധികരിച്ചിട്ടുള്ള സാഹചര്യത്തിൽ, ടി അപേക്ഷകൾ നിരസിക്കേണ്ടതുമാണ്. നിരസിക്കുമ്പോൾ 'Income Exceed the limit' എന്ന കാരണം സെലക്ട് ചെയ്യേണ്ടതുമാണ്.

പ്രൊവിഷണൽ സെലക്ട് ലിസ്റ്റ്, വെയിറ്റിങ് ലിസ്റ്റ് എന്നിവ സമയബന്ധിതമായി സൂക്ഷ്മ പരിശോധന നിർവ്വഹിക്കാൻ എല്ലാ പ്രഥമാദ്ധ്യാപകരും അതീവ ശ്രദ്ധ പുലർത്തണമെന്ന് അറിയിക്കുന്നു. അശ്രദ്ധമായി വെരിഫിക്കേഷൻ നടത്തി ഏതെങ്കിലും വിദ്യാർത്ഥിയ്ക്ക് സ്കോളർഷിപ്പ് നഷ്ടമാകുന്ന സ്ഥിതിവിശേഷം ഉണ്ടാവുകയാണെങ്കിൽ അത്തരം പ്രഥമാദ്ധ്യാപകർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

OFFICE OF THE COMMISSIONER FOR GOVT. EXAMINATIONS
PAREEKSHA BHAVAN
TRIVANDRUM-695012

സെക്രട്ടറി

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ പ്രഥമാദ്ധ്യാപകർക്കും, (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
4. കരുതൽ ഫയൽ